(ഐ) കഴിഞ്ഞ മണ്ഡലം-മകരവിളക്ക് സീസണിൽ ആകെ എന്തു തുകയ്ക്കുള്ള അരവണപ്പായസം ശബരിമലിയൽ വിറ്റഴിച്ചുവെന്നും ഇതിൽ ദേവസ്വം ബോർഡിന് എന്തു തുക ലഭിച്ചുവെന്നും കരാർ കമ്പനിക്ക് എന്ത് തുക ലഭിച്ചുവെന്നും ഉള്ള വിശദവിവരം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) "പഞ്ചമി പാക് (കേരള) പ്രൈവറ്റ് ലിമിറ്റഡ്" വഞ്ചിയൂർ. തിരുവനന്തപുരം എന്ന സ്ഥാപനത്തിന്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) മറ്റാരും അപേക്ഷിച്ചിരുന്നില്ല എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി & ഇ) ക്വട്ടേഷൻ അനുസരിച്ചല്ല കരാർ നല്കിയത് എന്ന് ദേവസ്വം ബോർഡ് അറിയിക്കുന്നു.

(എഫ്) ബഹു. കേരള ഹൈക്കോടതിയുടെ അംഗീകാരത്തോടും അനുമതിയോടും കൂടിയാണ് പഞ്ചമി പാക് (കേരള) പ്രൈവറ്റ് ലിമിറ്റഡിന് കരാർ നൽകിയത് എന്നും കരാർ വ്യവസ്ഥകൾ ബഹു. ഹൈക്കോടതി അംഗീകരിച്ചിട്ടുള്ളതുമാണെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ജി &എച്ച്) ഒരു കണ്ടയ്നർ അരവണ (250 മി.ലി.) വിൽക്കുമ്പോൾ 40 രൂപയാണ് ലഭിക്കുന്നതെന്നും അതിൽ 30 രൂപ ദേവസ്വത്തിനും 10 രൂപ കരാർ കമ്പനിക്കുമാണ് ലഭിക്കുന്നതെന്നും അരവണ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ദേവസ്വംബോർഡാണ് നൽകുന്നതെന്നും കണ്ടയ്നർ സപ്ലൈയും അരവണ നിർമ്മാണവും പാക്കിംഗുമാണ് കരാർ കമ്പനിയ്ക്ക് നൽകിയിട്ടുള്ളതെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഐ) ആകെ 15,30,93,440 രൂപയ്ക്കുള്ള അരവണ പ്രസാദം വില്പന നടത്തിയിട്ടുണ്ടെന്നും ദേവസ്വംബോർഡിന് 11,48,20,080 രൂപ ലഭിച്ചിട്ടുണ്ടെന്നും കരാർ കമ്പനിയ്ക്ക് ഇതേവരെ 3 $^{3}/_{4}$ കോടി രൂപ ചെലവ് എഴുതി നല്കിയിട്ടുണ്ടെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ കയറ്റുമതി നയം

25 (*532) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിന്റെ കയറ്റുമതി നയം കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ കയറ്റുമതിനയം സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വെളിച്ചെണ്ണയുടെയും കൊപ്രയുടേയും ഇറക്കുമതി സംസ്ഥാനത്തെ കേരകർഷകരെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവയുടെ ഇറക്കുമതി നിർത്തിവയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി) സാമ്പത്തിക ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായും ലോകവ്യാപാര സംഘടനയിൽ ഇന്ത്യ അംഗമായതിനാലും കാർഷികേതര കാർഷിക ഉല്പന്നങ്ങൾ സ്വതന്ത്രമായി ഇറക്കുമതി ചെയ്യുന്നതിനുള്ള അവസരവും സാദ്ധ്യതയും ഉണ്ട്, അതുവഴി ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന മിക്ക ഉല്പന്നങ്ങൾക്കും വിലക്കുറവ് അനുഭവപ്പെടും. റബ്ബർ, പാം ഓയിൽ എന്നിവയ്ക്കെല്ലാം സംബന്ധിച്ച് ഈ വിപരീത ഫലങ്ങൾ ഉണ്ടായികഴിഞ്ഞു. നാളികേര ഉല്പന്നങ്ങളുടെ കാര്യവും വ്യത്യസ്തമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. നമ്മുടെ സമ്മർദ്ദഫലമായി വെളിച്ചെണ്ണയുടേയും കൊപ്രയുടേയും ഇറക്കുമതി താല്ക്കാലികമായി നിരോധിച്ചിട്ടുണ്ട്.

(ഇ) ഇറക്കുമതി അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) തീരുമാനം ഒന്നും ഉണ്ടായിട്ടില്ല. അനുകൂല തീരുമാനത്തിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

വനോദ സഞ്ചാര പ്രോത്സാഹനവുമായി ബന്ധപ്പെട്ട് ഗതാഗത മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

26 (*533) ശ്രീ. യു. എസ്. ശശി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര പ്രോത്സാഹനവുമായി ബന്ധപ്പെട്ട് ഗതാഗത മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly